✎ ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1176

# സൂറ – 42 / അശ്ശൂറാ

**സൂക്തം: 52 – 54**

അവിശ്വാസികൾ പ്രവാചകനെ തള്ളിപ്പറയുകയും പീഡിപ്പിക്കുകയും ചെയ്യുന്നത് അല്ലാഹു കാണുന്നുണ്ട്. അവരെ അവൻ തന്നെ കൈകാര്യം ചെയ്തുകൊള്ളും. ആദർശ പ്രബോധനവും സ്വജീവിതത്തിലൂടെ അതിന്റെ സാക്ഷാത്കാരവുമാണ് പ്രവാചകന്റെ ദൗത്യം. പ്രതിയോഗികളെ വിചാരണ ചെയ്യേണ്ടതും അനുയായികളെ രക്ഷിക്കേണ്ടതുമൊക്കെ അല്ലാഹുവാണ്. നിഷേധികളുടെ കുറ്റങ്ങൾക്കൊന്നും പ്രവാചകൻ സമാധാനം പറയേണ്ടിവരില്ല. തന്നിൽ അർപ്പിതമായ ദൗത്യം യഥാവിധി നിർവഹിക്കുകയേ വേണ്ടൂ.

## ആമുഖം

സൂറയുടെ പ്രചുരമായ നാമമാണ് അശ്ശൂറാ. 'അൽ' ഒഴിവാക്കി *ശൂറാ* എന്നും വിളിക്കപ്പെടാറുണ്ട്. 38-ാം സൂക്തത്തിൽ 'ശൂറാ' എന്ന പദം വന്നിരിക്കുന്നു എന്നതാണ് ഈ നാമകരണത്തിനാധാരം. സൂറ حم എന്നും عسق എന്നും حم عسق എന്നും ഈ സൂറ അറിയപ്പെടുന്നുണ്ട്. *ശൂറാ*ക്കും حم-عسق നും മാത്രമേ ആധികാരികതയുള്ളൂ. حمകൊണ്ട് തുടങ്ങുന്ന തുടർ സൂക്തങ്ങളിൽ മൂന്നാമത്തേതാണിത്. حم ന്റെ കൂടെ ق-س-ع എന്നീ അക്ഷരങ്ങൾ കൂടി രണ്ടാം സൂക്തമായി വന്നിരിക്കുന്നു എന്നത് ഈ സൂറയുടെ പ്രത്യേകതയാണ്. സൂറാരംഭത്തിലെ ഒറ്റയക്ഷരങ്ങൾ *ഖുർആൻ ബോധന*ത്തിൽ നേരത്തെ ചർച്ച ചെയ്യപ്പെട്ടിരിക്കുന്നു.

സൂറ *ശൂറാ* മക്കയിൽ അവതരിച്ചതാണെന്ന് ഖുർആൻ പണ്ഡിതന്മാർ പൊതുവിൽ കരുതുന്നു. ഇതിലെ 23,24,27,39,41 സൂക്തങ്ങൾ മദീനയിൽ അവതരിച്ചതാണെന്ന് മുഖാതിലും 23-26 സൂക്തങ്ങൾ മദനിയാണെന്ന് ഇബ്നു അബ്ബാസും അഭിപ്രായപ്പെട്ടതായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. പ്രവാചകന്റെ മദീനാ ഹിജ്റയോടടുത്ത കാലത്താണ് സൂറയുടെ അവതരണമെന്ന് ഉള്ളടക്കവും ശൈലിയും സൂചിപ്പിക്കുന്നുണ്ട്. സൂറ അൽകഹ്ഫിനു ശേഷവും സൂറ ഇബ്റാഹീമിനു മുമ്പുമായിട്ടാണവതരണം. മുസ്ഹഫിൽ 42-ാമതായി ചേർത്തിട്ടുള്ള *ശൂറാ* അവതരണ ക്രമപ്രകാരം 67-ാമത്തേതാണ്.

ഖുർആൻ മുഹമ്മദ് (സ) സ്വയം രചിച്ചതോ അല്ലെങ്കിൽ അദ്ദേഹത്തിനു മറ്റാരോ രചിച്ചുകൊടുത്തതോ ആണെന്ന ഖുറൈശികളുടെ ആരോപണം നിഷേധിച്ചു കൊണ്ട്, അങ്ങനെയെങ്കിൽ നിങ്ങൾ അതുപോലുള്ള ഒന്ന് രചിച്ചു കാണിക്കുക എന്ന വെല്ലുവിളിയാണ് സൂറയുടെ പ്രമേയങ്ങളിൽ പ്രഥമമായിട്ടുള്ളത്. അല്ലാഹു അവനിഛിക്കുന്ന മനുഷ്യരെ തന്റെ ദൂതന്മാരായി തെരഞ്ഞെടുക്കുക, അദ്ദേഹത്തിനു ജീവിത തത്ത്വങ്ങളും ധർമശാസനകളും ദിവ്യബോധനം ചെയ്യുക, അതു ജനങ്ങളിൽ പ്രബോധനം ചെയ്യാൻ ചുമതലപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളിൽ അവിശ്വസനീയമോ വിചിത്രമോ ആയി ഒന്നുമില്ല. മർത്യകുലത്തിൽ ധർമം സ്ഥാപിക്കുന്നതിനുവേണ്ടി പ്രാചീനകാലം മുതലേ അല്ലാഹു സ്വീകരിച്ചു വന്നിട്ടുള്ള നടപടി ക്രമമാണത്. മക്കാവാസികൾക്ക് പരിചിതരായ ജൂത ക്രൈസ്തവ-വൈദിക മതവിഭാഗങ്ങളിൽ ഒട്ടേറെ പ്രവാചക വര്യന്മാർ ആഗതരാവുകയും വേദപ്രചാരണം നടത്തുകയും ചെയ്തിട്ടുള്ളത് പ്രസിദ്ധമാണല്ലോ. അതുപോലെ ഇപ്പോൾ അറബികളിൽ നിന്ന് ഒരാളെ ദൂതനായി തെരഞ്ഞെടുത്ത് വേദവചനങ്ങൾ ദിവ്യബോധനം ചെയ്യുകയാണവൻ. അറബികളെ പ്രാകൃതമായ അജ്ഞതയുടെയും അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും അന്ധകാരങ്ങളിൽനിന്ന്, സത്യത്തിന്റെയും

ധർമത്തിന്റെയും ദൈവിക സംസ്കാരത്തിന്റെയും വെളിച്ചത്തിലേക്കു നയിക്കുകയാണ് ഈ പ്രവാചകന്റെ ദൗത്യം. ആ ജനതയോടുള്ള അല്ലാഹുവിന്റെ കാരുണ്യത്തിന്റെയും ഔദാര്യത്തിന്റെയും താൽപര്യമാണത്. പ്രവാചകാഗമനത്തെ അല്ലാഹുവിനു തങ്ങളോടുള്ള സ്നേഹത്തിന്റെയും മുന്തിയ പരിഗണനയുടെയും പ്രകടനമായിട്ടാണവർ കാണേണ്ടത്. മറിച്ച്, പ്രവാചകനെ ദുശ്ശകുനവും ശത്രുവുമായി കാണുന്നത് സ്വന്തം രക്ഷയുടെയും ജീവിത വിജയത്തിന്റെയും മാർഗം സ്വയം അടച്ചുകളയലാകുന്നു.

ഈ പ്രവാചകനെ നിയോഗിച്ചിട്ടുള്ള അല്ലാഹു അഖിലാണ്ഡത്തിന്റെ സ്രഷ്ടാവും ഉടമയും പരിപാലകനുമായ പരമാധികാരിയാകുന്നു. അവന്റെ അധികാരത്തെയോ കഴിവിനെയോ ജ്ഞാനത്തെയോ മറികടക്കുന്ന യാതൊന്നുമില്ല. വാനലോകത്തും ഭൂലോകത്തുമുള്ളതൊക്കെയും അവനെ കീഴ്‌വണങ്ങി വാഴുന്നവരാകുന്നു. ആ പരമേശ്വരൻ ഭൂലോകത്തുള്ള തന്റെ ദാസന്മാരായ മനുഷ്യർക്കുവേണ്ടി അവങ്കൽ നിന്നുള്ള ധർമ വ്യവസ്ഥ അവതരിപ്പിച്ചുകൊണ്ടിരിക്കുകയാണീ പ്രവാചകനിലൂടെ. മനുഷ്യരെ മാർഗദർശനം ചെയ്യാൻ മനുഷ്യരെയല്ലാതെ, മലക്കുകളെയോ മറ്റ് ഭൗതിക സൃഷ്ടികളെയോ ദൈവം നിയോഗിക്കാറില്ല. മനുഷ്യരിൽ ആർക്ക്, ആരെ പ്രവാചകനായി അയക്കണമെന്ന് തീരുമാനിക്കുന്നത് അല്ലാഹു തന്നെയാണ്. പ്രവാചകന്റെ യോഗ്യതയും പ്രബോധന വൈഭവവും അവനോളമറിയുന്നവർ മറ്റാരുമില്ല.

അല്ലാഹുവിന് പങ്കാളികളുണ്ടാവുക അസംഭവ്യമാകുന്നു. ബഹുദൈവവിശ്വാസത്തിന് ബുദ്ധിപരമോ വൈദികമോ ആയ യാതൊരു ന്യായവുമില്ല. പൂർവികരെ അനുകരിക്കുകയും ഊഹങ്ങൾ പ്രചരിപ്പിക്കുകയും മാത്രമാണ് വിഗ്രഹാരാധകർ ചെയ്യുന്നത്. ഈ പ്രവാചകൻ സത്യവാനും, ദൈവത്തിന്റെ ഏകത്വം തികഞ്ഞ സത്യവുമാണെന്നും, പ്രവാചകൻ ഓതിക്കേൾപ്പിക്കുന്ന വേദവചനങ്ങൾ സ്വയം കെട്ടിച്ചമച്ചതല്ല, അല്ലാഹുവിങ്കൽനിന്ന് ലഭിച്ചതാണെന്നും സദ്ബുദ്ധിയോടെ ആലോചിക്കുന്നവർക്ക് സ്വയം ബോധ്യപ്പെടുന്നതാണ്.

ലോകാവസാനത്തെയും ഉയിർത്തെഴുന്നേൽപിനെയും സംബന്ധിച്ച കനത്ത താക്കീതാണ് സൂറയുടെ സുപ്രധാനമായ മറ്റൊരു പ്രമേയം. ഭൗതികലോകത്ത് അല്ലാഹുവിന്റെ അടിമകളെ അവന്റെ പങ്കാളികളായി കരുതുകയും അവരുടെ ആജ്ഞാനുവർത്തികളാവുകയും ചെയ്തവർ പരലോകത്ത് അതിന് ദുസ്സഹമായ വില നൽകേണ്ടി വരും. ഈ ലോകത്ത് അല്ലാഹുവിന്റെ ഏകത്വത്തിലും പരമാധികാരത്തിലും അടിയുറച്ചു നിലകൊള്ളുകയും അവന്റെ മാത്രം അടിമയും ആജ്ഞാനുവർത്തിയുമായി വർത്തിക്കുകയും ചെയ്തവർക്ക് അവിടെ അതിനു മഹത്തായ വില ലഭിക്കുന്നു.

പ്രതിയോഗികളുടെ രൂക്ഷമായ എതിർപ്പിന്റെയും ദ്രോഹത്തിന്റെയും പശ്ചാത്തലത്തിൽ പ്രവാചകന് ആശ്വാസവും ആത്മവിശ്വാസവും പകരുന്നതാണ് സൂറയുടെ മറ്റൊരു ഉള്ളടക്കം. അവിശ്വാസികൾ പ്രവാചകനെ തള്ളിപ്പറയുകയും പീഡിപ്പിക്കുകയും ചെയ്യുന്നത് അല്ലാഹു കാണുന്നുണ്ട്. അവരെ അവൻ തന്നെ കൈകാര്യം ചെയ്തുകൊള്ളും. ആദർശ പ്രബോധനവും സ്വജീവിതത്തിലൂടെ അതിന്റെ സാക്ഷാത്കാരവുമാണ് പ്രവാചകന്റെ ദൗത്യം. പ്രതിയോഗികളെ വിചാരണ ചെയ്യേണ്ടതും അനുയായികളെ രക്ഷിക്കേണ്ടതുമൊക്കെ അല്ലാഹുവാണ്. നിഷേധികളുടെ കുറ്റങ്ങൾക്കൊന്നും പ്രവാചകൻ സമാധാനം പറയേണ്ടിവരില്ല. തന്നിൽ അർപ്പിതമായ ദൗത്യം യഥാവിധി നിർവഹിക്കുകയേ വേണ്ടൂ. ആരെയും നിർബന്ധിച്ച് ഈ ആദർശം അംഗീകരിപ്പിക്കാൻ ഒരു പ്രവാചകനോടും അല്ലാഹു കൽപിച്ചിട്ടില്ല. ജനങ്ങളിൽ നിന്നു പ്രതിഫലം പറ്റാനുള്ള ജോലിയല്ല പ്രവാചക ദൗത്യം. അദ്ദേഹം ആരോടും യാതൊന്നും ആവശ്യപ്പെടുന്നില്ല. ജനം അവരുമായുള്ള കുടുംബ-സാമൂഹിക ബന്ധങ്ങൾ പരിഗണിക്കണമെന്നു മാത്രമേ അദ്ദേഹം ആഗ്രഹിക്കുന്നുള്ളൂ. അവരോടുള്ള അല്ലാഹുവിന്റെ ഔദാര്യങ്ങൾ അനുസ്മരിപ്പിച്ചുകൊണ്ട്, സത്യനിഷേധവും പ്രവാചക വിരോധവും തുടരുക തന്നെയാണെങ്കിൽ അല്ലാഹു ഈ ഔദാര്യങ്ങളെല്ലാം അവസാനിപ്പിച്ചേക്കുമെന്ന താക്കീതു ചെയ്യുന്നുമുണ്ട്. ഇസ്‌ലാമിക സംസ്കൃതിയിൽ തൻപ്രമാണിത്തത്തിനും സ്വേഛാധിപത്യത്തിനും സ്ഥാനമില്ലെന്നും ഏതു കാര്യവും തീരുമാനിക്കേണ്ടത് അതുമായി ബന്ധപ്പെട്ട ആളുകളുടെ കൂടിയാലോചനയിലൂടെയാണെന്നും ഈ സൂറ പ്രസ്താവിക്കുന്നു. ●

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

**പരമദയാലുവും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ**

حمٓ ﴿١﴾

1. ഹാ-മീം

عٓسٓقٓ ﴿٢﴾

2. ഐൻ-സീൻ-ഖാഫ്

സൂറാരംഭങ്ങളിലെ ഒറ്റയക്ഷരങ്ങൾ നേരത്തെ ചർച്ച ചെയ്യപ്പെട്ടിരിക്കുന്നു. പറയാൻ തുടങ്ങുന്ന കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്ന ശബ്ദ വിന്യാസമാണ തെന്നാണൊരഭിപ്രായം. ഇത്തരം അക്ഷരങ്ങൾ അർഥത്തെയും ആശയത്തെയും പ്രതിനിധീകരിക്കുന്നു എന്നാണ് മറ്റൊരഭിപ്രായം. ഖുർആനിന്റെ അമാനുഷികതയെ സൂചിപ്പിക്കുകയാണ് ഈ ഒറ്റ അക്ഷരങ്ങൾ എന്നാണ് ഒരു നിരീക്ഷണം. അതായത്, ഈ അറബി അക്ഷരങ്ങളാലാ

ണ് ദൈവികമായ ഖുർആൻ വിരചിതമായിരിക്കുന്നത്, ഇതു മാനുഷികമാണെന്ന് വാദിക്കുന്നവർ ഈ അക്ഷരങ്ങൾകൊണ്ട് ഇതുപോലൊരു ഗ്രന്ഥം രചിച്ചു കാണിക്കട്ടെ എന്നാണ് താൽപര്യം. ഉള്ളടക്കത്തിന്റെ വർധിച്ച പ്രാധാന്യത്തെയാണ് തുടക്ക അക്ഷരങ്ങളുടെ വർധന സൂചിപ്പിക്കുന്നതെന്നും അഭിപ്രായമുണ്ട്. ഇതനുസരിച്ച് സൂറ *ശൂറാ*യുടെ ഉള്ളടക്കം അതിപ്രാധാന്യത്തോടെ ഗ്രഹിക്കേണ്ടതാണെന്ന് സൂചിപ്പിക്കുകയാണ് തുടക്കത്തിലെ ഹാ-മീം-ഐൻ-സീൻ-ഖാഫ് എന്നീ പഞ്ചാക്ഷരങ്ങൾ. ●

---

كَذَٰلِكَ يُوحِىٓ إِلَيْكَ وَإِلَى ٱلَّذِينَ مِن قَبْلِكَ ٱللَّهُ ٱلْعَزِيزُ ٱلْحَكِيمُ ﴿٣﴾

3. അതേപോലെ നിനക്കും നിനക്കു മുമ്പുണ്ടായിരുന്ന പ്രവാചകന്മാർക്കും ദിവ്യസന്ദേശം നൽകുന്നു; അജയ്യനും അഭിജ്ഞനുമായ അല്ലാഹു.

لَهُۥ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ ۖ وَهُوَ ٱلْعَلِىُّ ٱلْعَظِيمُ ﴿٤﴾

4. വാനഭുവനങ്ങളിലുള്ളതൊക്കെയും അവന്റേതാകുന്നു. അവൻ അന്യൂനനും അതിഗംഭീരനുമല്ലോ.

**3,4**

كَذَٰلِكَ = അതേപോലെ يُوحِي إِلَيْكَ = നിനക്കു ദിവ്യസന്ദേശം നൽകുന്നു
وَإِلَى الَّذِينَ مِن قَبْلِكَ = നിനക്കു മുമ്പുള്ളവ(പ്രവാചകന്മാ)ർക്കും
اللَّهُ الْعَزِيزُ الْحَكِيمُ = അജയ്യനും അഭിജ്ഞനുമായ അല്ലാഹു لَهُ = അവന്റേതാകുന്നു
مَا فِي السَّمَاوَاتِ وَمَا فِي الْأَرْضِ = (ഒക്കെയും) വാനഭുവനങ്ങളിൽ ഉള്ളത്
وَهُوَ الْعَلِيُّ الْعَظِيمُ = അവൻ അത്യുന്നതനും അതിഗംഭീരനുമല്ലോ

كَذَٰلِكَ يُوحِي-അതേപോലെ ദിവ്യസന്ദേശം നൽകുന്ന- എന്നു പറയുന്നത് ഖുർആനിനെക്കുറിച്ച് അവിശ്വാസികൾ ഉന്നയിച്ചിരുന്ന ആക്ഷേപത്തെ സൂചിപ്പിച്ചുകൊണ്ട് അതിനു മറുപടിയായിട്ടാണ്. ആക്ഷേപം ഇതായിരുന്നു: ഒരു മനുഷ്യൻ ഒരു നാൾ ജനമധ്യത്തിൽ വന്ന് നമ്മോടോതുന്നു: പരമ്പരാഗതമായി നാം വിശ്വസിച്ചാരാധിച്ചുവരുന്ന ദൈവങ്ങളൊക്കെയും മിഥ്യയാണെന്ന്, നമ്മുടെ ഭാഗധേയം നിർണയിക്കുന്നതിൽ അവർക്കൊന്നും ഒരു പങ്കുമില്ലെന്ന്, പ്രപഞ്ചത്തിന് ഒറ്റ ദൈവമേയുള്ളൂ, അവനെ മാത്രമേ നാം ആരാധിക്കാവൂ എന്ന്. ആ ദൈവം നമ്മളിലേക്കയച്ച ദൂതനാണത്രെ അയാൾ. നമ്മളെല്ലാം മരിച്ചു മണ്ണടിഞ്ഞശേഷം ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്നും നമ്മുടെ ഭൗതിക ജീവിതം വിചാരണാ വിധേയമാകുമെന്നും അയാൾ പറയുന്നു. എത്ര വിചിത്രമായ കാര്യങ്ങളാണിതൊക്കെ! അവരോട് പറയുകയാണ്: നിങ്ങൾ വിചിത്രമായി കാണുന്ന അതേ ആശയങ്ങൾ അതേ ശൈലിയിൽ തന്നെ അല്ലാഹു അവന്റെ ദൂതന് ദിവ്യബോധം ചെയ്തുകൊണ്ടിരിക്കുന്നതാണ്. വാസ്തവത്തിൽ അതിൽ വിചിത്രമായി ഒന്നുമില്ല. അല്ലാഹു അവന്റെ വഴിപിഴച്ച ദാസന്മാരെ സന്മാർഗദർശനം ചെയ്യാൻ വേണ്ടി മുമ്പും ഒട്ടേറെ പ്രവാചക വര്യന്മാരെ നിയോഗിച്ചിട്ടുള്ളതാണ്. അവരെയും അവൻ ഇതേ ആശയങ്ങൾ ഇതേ രീതിയിൽ തന്നെ ദിവ്യബോധനം ചെയ്യുകയായിരുന്നു. ഇതര വൈദിക മതങ്ങളുടെ പ്രബോധകർക്ക് പ്രവാചകത്വവും ദിവ്യസന്ദേശങ്ങളും ലഭിച്ചിരുന്നതെങ്ങനെയാണോ അതേപ്രകാരം തന്നെയാണ് മുഹമ്മദ് (സ) ദൈവദൂതനായതും അദ്ദേഹത്തിന് ദിവ്യസന്ദേശം ലഭിച്ചുകൊണ്ടിരിക്കുന്നതും. പൂർവ പ്രവാചകന്മാർക്കും മുഹമ്മദ് നബിക്കും നൽകിയിട്ടുള്ള ധർമസംഹിത -الدين- ഒന്നു തന്നെയായിരുന്നുവെന്ന് അടുത്ത 13-ാം സൂക്തത്തിൽ കൂടുതൽ വിശദമായി പ്രസ്താവിക്കുന്നുണ്ട്. ഈ പ്രവാചകന്നും പൂർവ പ്രവാചകന്മാർക്കും ദിവ്യബോധനം ലഭിക്കുന്ന മാർഗങ്ങൾ തമ്മിലുള്ള സമാനത 51-52 സൂക്തങ്ങളിലും വിവരിക്കുന്നു. മനുഷ്യർക്ക് അല്ലാഹു പ്രവാചകത്വമോ ദിവ്യസന്ദേശമോ നൽകുന്നില്ല. ഉണ്ടെങ്കിൽ അതു ഞങ്ങൾക്കു നേരിൽ കാണണം. അല്ലെങ്കിൽ അവൻ ഞങ്ങളോടും സംസാരിക്കട്ടെ തുടങ്ങിയ ആക്ഷേപങ്ങൾക്കുള്ള മറുപടിയാണത്.

അവിശ്വാസികൾ വാദിക്കുന്നതുപോലെ ഈ വചനങ്ങൾ മുഹമ്മദ് (സ) സ്വയം രചിച്ചതോ അദ്ദേഹത്തിനു മറ്റേതെങ്കിലും മനുഷ്യൻ രചിച്ചു കൊടുത്തതോ അല്ല. പ്രത്യുത, സകല സംഗതികളിലും അഗാധമായ ജ്ഞാനമുള്ളവനും സകലത്തെയും അതിജയിച്ചു നിൽക്കുന്നവനുമായ അല്ലാഹുവിങ്കൽനിന്നുള്ളതാണീ വചനങ്ങൾ. അതിൽ അബദ്ധമോ അസത്യമോ സംഭവിക്കുക അസാധ്യമാകുന്നു. വാനലോകത്തും ഭൂലോകത്തുമുള്ളതെല്ലാം അവന്റെ അറിവിലും അധികാരത്തിലും ഉടമസ്ഥതയിലും ഉള്ളതാകുന്നു. സൂക്ഷ്മവും സ്ഥൂലവും ഗോചരവും അഗോചരവുമായ സകല സംഗതികൾക്കും മീതെയുള്ള അത്യന്തം ഗംഭീരമായ അസ്തിത്വമാണവൻ. ●